പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.1244

08.02.2013 ൽ
മറുപടിക്ക്

# റിവർ മാനേജ്മെന്റ് ഫണ്ട്

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ ഇപ്പോൾ നിക്ഷിപ്തമായിട്ടുളള തുക എത്ര; | (എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ 31-01-2013 വരെ നിക്ഷിപ്തമായ തുക ജില്ല തിരിച്ച് അനുബന്ധം (1) ൽ കാണാവുന്നതാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ പ്രസ്തുത ഫണ്ടിൽ നിന്നും നദീതടസംരക്ഷണ പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെയും പദ്ധതിയുടെയും വിശദാംശങ്ങൾ ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ പ്രസ്തുത ഫണ്ടിൽ നിന്നും നദീതടസംരക്ഷണ പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെയും പദ്ധതിയുടെയും വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധം (2) ൽ കാണാവുന്നതാണ്. (ഇടുക്കി, മലപ്പുറം ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു). |
| (സി) ജില്ലകളിൽ നിന്നും ജലവിഭവ വകുപ്പ് തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്കാവശ്യമായ അനുമതിയും തുകയും സമയബന്ധിതമായി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ അതിനുളള കാരണം വെളിപ്പെടുത്തുമോ; | (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് 50,000/- രൂപയിൽ കൂടുതൽ ചെലവ് വരുന്ന പ്രൊപ്പോസലുകൾക്ക് ജില്ലാതല വിദഗ്ധ സമിതി ശുപാർശ ചെയ്തശേഷം സംസ്ഥാന ഉന്നതതല സമിതി അംഗീകരിച്ചാൽ മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുളളു.<br>2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ചിരുന്ന 2011 മാർച്ച് 18 ലെ 20-ാം നമ്പർ ഓർഡിനൻസ് പ്രകാരമാണ് സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചിരുന്നത്. എന്നാൽ പ്രസ്തുത ഓർഡിനൻസ് 2011 ജൂൺ, ജൂലൈ മാസങ്ങളിൽ ചേർന്ന നിയമസഭാ |

സമ്മേളനത്തിൽ ബിൽ എടുക്കാതിരുന്നതി നാൽ 13-07-2011 ൽ ലാപ്സ് ആകുകയുണ്ടായി. ഭേദഗതി ഓർഡിനൻസ് വീണ്ടും 15-01-2013 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ഉന്നതതല സമിതി രൂപീകരണത്തിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഇ ) | നദീതടസംരക്ഷണ പദ്ധതികൾക്ക ല്ലാതെ ഈ ഫണ്ടിൽ നിന്നും മറ്റാവശ്യങ്ങൾക്ക് തുക വിനിയോഗി ച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കു മോ? | (ഇ ) | ഉണ്ട്. കൊല്ലം ജില്ലയിൽ അനധികൃത മണൽ ഖനനം തടയുന്നതിനുള്ള റെയ്ഡിന് 4,47,833/- രൂപയും കല്ലടയാറിന്റെ റിവർ മാപ്പിംഗിനും മണൽ ഓഡിറ്റിംഗിനുമായി 1,00,000/- രൂപയും ഇത്തിക്കര, കല്ലട ആറുകളുടെ റിവർ മാപ്പിംഗിനായി 2,16,000/- രൂപയും റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവായിട്ടുണ്ട്.<br>എറണാകുളം ജില്ലയിൽ ഇഞ്ചതൊട്ടി, തൂക്കുപാലം, തമ്മക്കുനിമറ്റം തൂക്ക് പാലങ്ങൾക്കായി യഥാക്രമം 1,59,33,134/-രൂപയും, 1,12,52,525/- രൂപയും റിവർ മാപ്പിംഗിനായി 2 ലക്ഷം രൂപയും ഓൺലൈൻ മണൽ വിതരണത്തിനായി 83,070 രൂപയും ഇതിനായി നിയമിച്ചിട്ടുള്ള System Administrator - ക്ക് നാലു മാസത്തെ വേതനമായി 40,000/- രൂപയും, അനധികൃത മണൽ ഖനനം തടയുന്നതിനായി ബോട്ട് വാടകയ്ക്ക് എടുത്ത വകയിൽ 15,42,040/- രൂപയും, 2009-11 വർഷത്തെ ഓഡിററ് ഫീസ് 1,32,360/- രൂപയും ബ്രോഡ്ബാന്റ് കണക്ഷൻ ഏർപ്പെടുത്തിയതിന് മാസവാടകയായ 35,908/- രൂപയും റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവായിട്ടുണ്ട്. |

വയനാട് ജില്ലയിൽ മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസ് പരിഷ്കരണത്തിനും ISO സർട്ടിഫിക്കേഷനുമായി 2 ലക്ഷം രൂപ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലെല്ലാം തന്നെ അനധികൃത മണൽ ഖനനം തടയുന്നതിനുള്ള സ്ക്വാഡ് പ്രവർത്തനങ്ങൾക്കുള്ള വാഹനങ്ങളുടെ വാടക, ഇന്ധനം, ഡ്രൈവർമാരുടെ വേതനം ഇവയെല്ലാം തന്നെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവ് വഹിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**